# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2876**.

**13-03-2018 ൽ മറുപടിയ്ക്ക്**

## നെല്ല് ഉൽപ്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യം

**ചോദ്യം**

ശ്രീ.സി. ദിവാകരൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടും കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉൽപ്പാദനത്തിൽ ഉണ്ടായ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നെല്ല് ഉല്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്കു ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റമുണ്ടാകും.<br>കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ